milma

Malabar Regional Co-operative Milk Producers' Union Ltd.
Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No:MRU:P&I:311:LIC:2025: 485 23.10.2025

**സർക്കുലർ നമ്പർ 1064 /2025**

**വിഷയം :- ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി "സ്നേഹമിത്ര" നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

**സൂചന :- ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനിൽ നിന്ന് ലഭിച്ച 22.10.2025 തീയ്യതിയിലെ അറിയിപ്പ്.**

മലബാർ മേഖലാ യൂണിയനിലെ എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലും പാൽ നൽകുന്ന കർഷകർക്ക് ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷന്റെ കോഴിക്കോട് ഡിവിഷണൽ ഓഫീസിലെ പെൻഷൻ ആന്റ് ഗ്രൂപ്പ് സ്കീംസ് (പി ആന്റ് ജി എസ്) വകുപ്പ് മുഖേന നടപ്പിലാക്കിയിരുന്ന **ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി,** 30.11.2025 തീയ്യതിയിൽ അവസാനിക്കുകയാണ്. കഴിഞ്ഞ വർഷത്തെ പദ്ധതി കാലയളവിൽ നാളിതുവരെ 70 ക്ഷീരകർഷകരുടെ ആശ്രിതർക്ക് ഇൻഷൂറൻസ് പരിരക്ഷ ലഭിക്കുകയുണ്ടായി. ആയതിനാൽ തുടർന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിനായി മേഖലാ യൂണിയൻ തീരുമാനിച്ചിരിക്കുകയാണ്.

**01.12.2025** തീയ്യതി മുതൽ ആരംഭിക്കുവാൻ പോകുന്ന പദ്ധതിയിൽ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്കും, ക്ഷീര സംഘം സെക്രട്ടറിമാർക്കും, മറ്റ് ക്ഷീര സംഘം സ്ഥിരം ജീവനക്കാർക്കും കർഷകരുടെ അതേ പ്രീമിയം നിരക്കിൽ ഇൻഷൂറൻസിൽ ചേരുന്നതിന് അവസരം നൽകുന്നതാണ്. സ്ഥിരം തസ്തികയിൽ സെക്രട്ടറി ഇല്ലാത്ത സംഘങ്ങളിലെ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സെക്രട്ടറിമാർക്ക്, അവർ ഒരു വർഷം ജോലിയിൽ തുടരും എന്ന് സംഘം ഭരണസമിതി സാക്ഷ്യപ്പെടുത്തി നൽകിയാൽ ഇൻഷൂറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്. **"സ്നേഹമിത്ര"** എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ പദ്ധതി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ചെറിയ ക്ഷീര സംഘങ്ങളിലെ ജീവനക്കാർക്ക് സാമൂഹിക സുരക്ഷാ കവചമായി പ്രവർത്തിക്കുന്നു. "സ്നേഹമിത്ര" എന്ന ഈ പദ്ധതിയിലൂടെ കേവലം 10 രൂപയ്ക്ക് 69 വയസ്സ് വരെയുള്ള ക്ഷീര കർഷകർക്ക് ഇൻഷൂറൻസ് പരിരക്ഷ ലഭിക്കും എന്നത് ഈ പദ്ധതിയുടെ പ്രത്യേകതയാണ്.

സ്നേഹമിത്ര ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നവർ മരണപ്പെട്ടാൽ (സ്വാഭാവിക മരണം/അപകട മരണം) ആശ്രിതർക്ക് ഒറ്റ തവണ ധനസഹായം ലഭിക്കുന്നതാണ് പദ്ധതി. **18 മുതൽ പരമാവധി 69 വയസ്സുവരെയുള്ള** ക്ഷീര കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുക. **18 മുതൽ 59 വയസ്സ് വരെയുള്ള** (D.O.B up to 02.06.1966) **ക്ഷീര കർഷകർ/ക്ഷീര സംഘം ജീവനക്കാർക്ക് 20,000 മുതൽ 5,00,000 രൂപ വരെയുള്ള ആനുകൂല്യം ലഭിക്കുന്ന കാറ്റഗറിയിൽ ചേരാവുന്നതാണ്, 60 വയസ്സ് മുതൽ 65 വയസ്സ് വരെയുള്ളവർക്ക്** (Date of Birth up to 02.06.1960) **20,000 മുതൽ 50,000 രൂപ വരെയും, 66 വയസ്സ് മുതൽ 69 വയസ്സ് വരെയുള്ളവർക്ക്** (Date of Birth up to 02.06.1956) **20,000 രൂപയുടെ ഇൻഷൂറൻസ് സ്കീമിലുമാണ് ചേരാൻ സാധിക്കുക.**

പ്രീമിയവും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ഇൻഷൂറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ:-</u>**

ഈ ഇൻഷൂറൻസ് സ്കീമിൽ ക്ഷീര കർഷകർക്ക് പുറമേ ക്ഷീര സംഘം സ്ഥിരം സെക്രട്ടറിമാരെയും (സ്ഥിരം സെക്രട്ടറിമാർ ഇല്ലാത്ത സംഘങ്ങളിലെ താൽക്കാലിക സെക്രട്ടറിമാർക്ക്, ഒരു വർഷം അവർ ജോലിയിൽ തുടരുമെന്ന് സംഘം ഭരണസമിതി സാക്ഷ്യപ്പെടുത്തിയാൽ ചേരാവുന്നതാണ്), ക്ഷീര സംഘങ്ങളിലെ മറ്റ് സ്ഥിരം ജീവനക്കാരെയും അംഗങ്ങളാക്കാവുന്നതാണ്. 01.12.2024 തീയ്യതി മുതൽ 30.11.2025 തീയ്യതി വരെ നടപ്പിലാക്കിയ അതേ മാനദണ്ഡങ്ങൾ പ്രകാരം തന്നെയാണ് ഈ വർഷത്തെ ഇൻഷൂറൻസ് സ്കീമും നടപ്പിലാക്കുന്നത്.

- ഒരു വർഷക്കാലയളവോടുകൂടിയ 10 കാറ്റഗറികളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ എൽ.ഐ.സി പ്രൊപ്പോസ്സൽ നൽകിയിട്ടുള്ളത്. ഇതിൽ ഏത് കാറ്റഗറിയിൽ അംഗങ്ങളാകണമെന്ന് കർഷകർക്ക്/ക്ഷീര സംഘം ജീവനക്കാർക്ക് തെരഞ്ഞെടുക്കാവുന്നതാണ്.
- ഈ പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ **<u>സ്വാഭാവിക മരണത്തിനും അപകട മരണത്തിനും</u>** ആനുകൂല്യം ലഭിക്കുന്നതിന്റെ തുക കണക്കാക്കി നിശ്ചയിക്കപ്പെട്ട പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ 10 കാറ്റഗറികളായി തിരിച്ചിട്ടുണ്ട്. 18 വയസ്സ് മുതൽ 59 വയസ്സ് വരെയുള്ള (Date of Birth up to 02.06.1966) വ്യക്തികൾക്ക് 20,000 രൂപ മുതൽ 5,00,000 രൂപ വരെയുള്ള ആനുകൂല്യം ലഭിക്കുന്ന 10 കാറ്റഗറികളിലും ചേരാവുന്നതാണ്, എന്നാൽ 60 വയസ്സ് മുതൽ 65 വയസ്സ് വരെയുള്ളവർക്ക് (Date of Birth up to 02.06.1960) 50,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്ന 4 കാറ്റഗറികളിലും, 66 മുതൽ 69 വയസ്സ് വരെയുള്ളവർക്ക് (Date of Birth up to 02.06.1956) 20,000 രൂപ ലഭിക്കുന്ന കാറ്റഗറിയിലും മാത്രമേ അംഗങ്ങളാകാൻ സാധിക്കുകയുള്ളൂ.

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

- ഈ പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ ജനന തീയ്യതി (തീയ്യതി/മാസം/വർഷം) ആധാർ പ്രകാരമുള്ളത് ആയിരിക്കണം. ജനന തീയ്യതിയിൽ വ്യത്യാസം വരുന്ന പക്ഷം ക്ലെയിം അനുവദിക്കുന്നതിന് ബുദ്ധിമുട്ടുണ്ട് എന്ന് എൽ.ഐ.സി.യിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആധാറിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയ്യതി പൂർണ്ണമല്ലെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റിലോ മറ്റേതെങ്കിലും സാധുവായ തിരിച്ചറിയൽ രേഖകൾ പ്രകാരമുള്ളതോ ആയിരിക്കണം.
- ഈ സാമ്പത്തിക വർഷത്തിൽ (2025-26) ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്കാണ് ഈ പദ്ധതിയിൽ കർഷകരുടെ വിഭാഗത്തിൽ ചേരാനുള്ള അവസരം ലഭിക്കുക.
- ഈ പദ്ധതിയിൽ ക്ഷീര കർഷകർക്ക് പുറമേ ക്ഷീര സംഘം സ്ഥിരം സെക്രട്ടറിമാർക്കും (സ്ഥിരം സെക്രട്ടറിമാർ ഇല്ലാത്ത സംഘങ്ങളിലെ താൽക്കാലിക സെക്രട്ടറിമാർക്ക്, ഒരു വർഷം അവർ ജോലിയിൽ തുടരുമെന്ന് സംഘം ഭരണസമിതി സാക്ഷ്യപ്പെടുത്തിയാൽ ചേരാവുന്നതാണ്), ക്ഷീര സംഘത്തിലെ മറ്റ് സ്ഥിരം ജീവനക്കാർക്കും ക്ഷീര കർഷകരുടെ അതേ പ്രീമിയം നിരക്കിൽ തന്നെ അംഗങ്ങളാകാവുന്നതാണ്.

ഇതിന്റെ പ്രീമിയം തുക താഴെ പറയും പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

| ക്ര.ന | കാറ്റഗറി (ഇൻഷൂർ ചെയ്യുന്ന തുക) | ആളോഹരി ആകെ പ്രീമിയം (രൂപ) (GST ഉൾപ്പെടെ) | മേഖലാ യൂണിയൻ വിഹിതം (രൂപ) | കർഷകൻ/ ജീവനക്കാരൻ നൽകേണ്ടത് (രൂപ) | വയസ്സ് |
|---|---|---|---|---|---|
| 1 | 20,000 | 46.02 | 36.02 | 10 | 18 മുതൽ 69 വരെ |
| 2 | 30,000 | 69.03 | 49.03 | 20 | 18 മുതൽ 65 വരെ |
| 3 | 40,000 | 92.04 | 67.04 | 25 | |
| 4 | 50,000 | 115.05 | 85.05 | 30 | |
| 5 | 75,000 | 172.58 | 77.58 | 95 | 18 മുതൽ 59 വരെ |
| 6 | 1,00,000 | 230.10 | 105.10 | 125 | |
| 7 | 1,50,000 | 345.15 | 155.15 | 190 | |
| 8 | 2,00,000 | 460.20 | 160.2 | 300 | |
| 9 | 3,00,000 | 690.30 | 270.3 | 420 | |
| 10 | 5,00,000 | 1150.50 | 450.5 | 700 | |

MALABAR CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

കർഷകന്റെ വിഹിതം പൂർണ്ണമായി കർഷകനോ, കർഷകനും ക്ഷീര സംഘവും സംയുക്തമായോ വഹിക്കാവുന്നതാണ്. ജീവനക്കാരുടെ വിഹിതം സംബന്ധിച്ച് അതത് സംഘം ഭരണസമിതിയ്ക്ക് തീരുമാനമെടുക്കാവുന്നതാണ്. മേഖലാ യൂണിയൻ വിഹിതം കഴിച്ചുള്ള തുക സംഘങ്ങളുടെ പാൽ വിലയിൽ നിന്നും റിക്കവറി നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് പി ആന്റ് ഐ ജില്ല/സബ് യൂണിറ്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. പദ്ധതിയിൽ ചേരുവാൻ താൽപ്പര്യമുള്ള കർഷകരുടെ/ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങൾ ഓരോ **ക്ഷീര സംഘങ്ങളും അതത് പി ആന്റ് ഐ ഓഫീസിലേയ്ക്ക് ഇ-മെയിൽ മുഖാന്തിരം 05.11.2025 തീയ്യതിയ്ക്കകം നൽകേണ്ടതാണ്**. സംഘങ്ങളിൽ നിന്നുള്ള എൻറോൾമെന്റ് ഡാറ്റ ലഭിച്ചതിന് ശേഷം **01.12.2025 മുതൽ 30.11.2026 വരെ** എൽ.ഐ.സി യുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി ആരംഭിക്കുന്നതാണ്.

മേൽ വിവരിച്ച ഇൻഷൂറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ മുഴുവൻ ക്ഷീര കർഷകരെയും അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു.

23/10/2025

**ജനറൽ മാനേജർ**
**മാനേജിംഗ് ഡയറക്ടർക്കുവേണ്ടി**

എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ് :

1. ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾക്കും
2. പി ആന്റ് ഐ സബ് യൂണിറ്റ് മേധാവികൾക്കും

**20.11.2025 തീയ്യതി ഉച്ചയ്ക്ക് 12 മണിയ്ക്ക് മുമ്പായി ഹെഡ് ഓഫീസിൽ ഇൻഷൂറൻസ് സ്കീമിൽ ചേർന്നവരുടെ ആവശ്യമായ വിശദാംശങ്ങളടങ്ങിയ പട്ടിക കൃത്യമായി പരിശോധിച്ച് നൽകേണ്ടതാണ്.**

3. എല്ലാ സീനിയർ മാനേജർമാർക്കും/ഡെയറി മാനേജർമാർക്കും
4. എല്ലാ വകുപ്പ് മേധാവികൾക്കും, എച്ച് ഒ
5. പി എസ് ടു ചെയർമാൻ/എം ഡി/ജനറൽ മാനേജർ
6. www.mrcmpu.com/E-Stock Files.

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. ★ No. D 89 (D) H.O. Calicut